പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6096 07.07.2014 -ൽ മറുപടിയ്ക്ക്

"പൊതുശ്മശാനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തൽ"

| ചോദ്യം<br>ശ്രീ. പുരുഷൻ കടലുണ്ടി | | മറുപടി<br>ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | പഞ്ചായത്തുകളിൽ പൊതു ശ്മശാനഭൂമി ഉണ്ടായിട്ടും കാര്യക്ഷമമായി പ്രയോജനപ്പെടുത്താത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | മൃതദേഹങ്ങൾ ശാസ്ത്രീയമായി ദഹിപ്പിക്കുന്നതിനുള്ള സംവിധാനം, മൃതശരീരവുമായി എത്തിച്ചേരുന്നവർക്ക് വെയിലും മഴയുമേൽക്കാതെ നിൽക്കാനുള്ള ഷെൽട്ടറുകൾ, പ്രാർത്ഥനക്കും അനുശോചന യോഗങ്ങൾക്കും അനുയോജ്യമായ ഹാളുകൾ, വിറക്, വിവിധ ഉപകരണങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനുള്ള സ്റ്റോർ റൂം, റോഡ് തുടങ്ങിയ സൗകര്യങ്ങളോടെ ഒരു മണ്ഡലത്തിൽ ഒരു ശ്മശാനം അഭിവൃദ്ധിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (ബി) | സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുന്നുണ്ട്. പൊതുശ്മശാനം ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ അവ സ്ഥാപിക്കുന്നതിന് ആവശ്യമായ തുക വകയിരുത്താൻ പന്ത്രണ്ടാം പദ്ധതി നിർവ്വഹണത്തിനായി പുറപ്പെടുവിച്ച പരിഷ്ക്കരിച്ച മാർഗ്ഗരേഖയിൽ നിഷ്ക്കർഷിച്ചിട്ടുണ്ട്.<br>ഗ്രാമപഞ്ചായത്തുകളിൽ പൊതു ശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് എല്ലാ വിധത്തിലുള്ള സാമ്പത്തിക സഹായവും സർക്കാർ നൽകുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള ശ്മശാനങ്ങൾ നവീകരിച്ച് വാതക ഇന്ധനത്തിലേയ്ക്ക് മാറ്റുന്നതിനും ഓരോ ഗ്രാമപഞ്ചായത്തിനും ശ്മശാനം നിർമ്മിക്കുന്നതിനും 2014-15 വർഷത്തിൽ സർക്കാർ ധനസഹായം 20 ലക്ഷം രൂപയായി വർദ്ധിപ്പിച്ചും ഇതേ ആവശ്യത്തിനായി കേരള ലോക്കൽ ഗവൺമെൻറ് സർവ്വീസ് ഡെലിവറി പ്രോജക്ടിൽ നിന്ന് 10 ലക്ഷം രൂപ കൂടി വിനിയോഗിക്കുന്നതിനും ശ്മശാന |

| | | | |
|---|---|---|---|
| | | | നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കാൻ ഭൂമിയുടെ ഫെയർ വാല്യൂവിന്റെ 50 % തുക കൂടി നൽകുന്നതിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിക്കൊണ്ട് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ